പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1435 | 11.06.2019-ൽ മറുപടിക്ക്

വ്യാജരേഖ ചമയ്ക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.ബഷീർ<br>,, ടി.എ.അഹമ്മദ് കബീർ<br>,, അബ്ദുൽ ഹമീദ് പി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ചൂർണിക്കര യിലുള്ള 25 സെന്റ് നിലം നികത്താൻ ലാന്റ് റവന്യൂ കമ്മീഷണറുടെ പേരിൽ വ്യാജരേഖ ചമച്ചതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 റീ സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ ഭൂമി ലാൻഡ് റവന്യൂ കമ്മീഷണറുടെ ചാർജ്ജ് വഹിക്കുന്ന ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടേയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടെയും വ്യാജ ഉത്തരവുകൾ ചമച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വ്യാജരേഖ നിർമ്മിച്ചത് ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥരുടെ അറിവോടെ യാണോ എന്ന് കണ്ടെത്തി യിട്ടുണ്ടോ; | (ബി) വ്യാജ ഉത്തരവുകൾ ചമയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ക്രിമിനൽ നടപടി പ്രകാരം പോലീസ് അന്വേഷണവും, ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് കോടതി മുഖാന്തിരമുള്ള തുടർനടപടികളും നടന്നു വരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ അരുണിനെ അറസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. ഇക്കാര്യ ത്തിൽ വിജിലൻസ് അന്വേഷണവും നടക്കുന്നു. |
| (സി) ഇതുസംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദ മാക്കുമോ? | (സി) കൃത്രിമ രേഖകൾ ചമച്ചുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടന്ന നിലം നികത്തലുകളെക്കുറിച്ച് റവന്യൂ വകുപ്പ് പ്രാഥമിക പരിശോധന നടത്തി. 01.01.2018 മുതൽ നാളിതു വരെ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിൽ തീർപ്പാക്കിയിട്ടുള്ള ഫയലുകളിൽ അനുവദിച്ചതും, നിരസിച്ചതും, നിലവിൽ നടപടിയിൽ ഇരിക്കുന്നതുമായ എല്ലാ വിവരങ്ങളും ശേഖരിച്ച് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ